Marian Geethangal (Malayalam)

First Edition (Website) : July 2010

Compiled by: Luise Pullan

### പ്രാർത്ഥന

ജന്മപാപമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ മറിയമേ
പാപികളുടെ സങ്കേതമേ! ഇതാ നിന്റെ
സങ്കേതത്തിൽ ഞങ്ങൾ തേടി വന്നിരിക്കുന്നു.
ഞങ്ങളുടെമേൽ അലിവായിരുന്ന്
ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോട്
പ്രാർത്ഥിച്ചുകൊള്ളണമേ.

# മരിയൻ ഗീതങ്ങൾ



== Ann Maria Publishers, Kalady-683 574 ==

# മരിയൻ ഗീതങ്ങൾ

ഉള്ളടക്കം


| | | |
|---|---|---|
| 1. | അമലമനോഹരി മാതേ നീ | 5 |
| 2. | അമലോത്ഭവയാം മാതാവേ | 5 |
| 3. | അനുപമസ്നേഹമാണമ്മ | 6 |
| 4. | അമ്മയാണേവർക്കും അഭയമെന്നംബികേ | 6 |
| 5. | അമ്മയ്ക്കൊരുമ്മ അമ്മയ്ക്കൊരുമ്മ | 7 |
| 6. | അമ്മേ അമ്മേ അമ്മേ നിന്നുടെ | 7 |
| 7. | അമ്മേ അമ്മേ തായേ | 8 |
| 8. | അംബികേ നാഥേ കന്യകെ | 10 |
| 9. | ഇടനെഞ്ചിലെരിയുന്ന കനലിന്റെ ചൂടേറ്റ് | 10 |
| 10. | ഉഷകാല നക്ഷത്രമായി | 11 |
| 11. | ഉന്നതനേശുവിനീഭുവിൽ | 11 |
| 12. | എളിമയെന്ന പരമ പുണ്യം | 12 |
| 13. | എന്റെ അമ്മയെ ഓർക്കുമ്പോൾ | 12 |
| 14. | എന്തൊരാനന്ദം എന്തൊരാനന്ദം | 13 |
| 15. | എത്രയും ദയയുള്ള മാതാവെ | 13 |
| 16. | ഏറ്റം പരിശുദ്ധ കന്യകയെ | 13 |
| 17. | കർമ്മല നാഥേ വാഴ്ക | 14 |
| 18. | കർമ്മല സുമമേ നറുതേൻകുടമേ | 14 |
| 19. | കാരുണ്യ സാഗരത്തിൽ താരകേ | 15 |
| 20. | കുരിശിൽ നിന്നന്നു ഞാനീ സ്വരം കേട്ടു | 15 |
| 21. | താവകസൂനുവിൻ ഗീതങ്ങൾ പാടുവാൻ | 16 |
| 22. | നന്മനിറഞ്ഞ മറിയമെ സ്വസ്തി | 16 |
| 23. | നന്മനിറഞ്ഞവൾ ആയവളമ്മേ | 17 |
| 24. | നന്മനിറഞ്ഞവളേ കന്യാമറിയമേ | 17 |
| 25. | നന്മനിറഞ്ഞവളേ സ്വസ്തി | 18 |
| 26. | നന്മനിറഞ്ഞോരമ്മേ | 18 |
| 27. | നമ്മനേരും അമ്മ വിണ്ണിൽ രാജകന്യ | 19 |
| 28. | നല്ല മാതാവേ മരിയെ | 19 |
| 29. | നിത്യവിശുദ്ധയാം കന്യാമറിയമേ | 20 |
| 30. | നിത്യവും ഞങ്ങൾക്കനുഗ്രഹമേകുന്ന | 20 |
| 31. | നിത്യസഹായ നാഥേ | 21 |
| 32. | നിത്യസഹായമാതാവേ ലോകമാതാവെ | 21 |
| 33. | നിത്യസഹായക്രേന്ദം | 21 |
| 34. | നിന്റെ തകർച്ചയിൽ ആശ്വാസമേകാൻ | 22 |
| 35. | നീയന്റെ വെളിച്ചം ജീവന്റെ തെളിച്ചം | 23 |
| 36. | പിതാവിന്റെ മകളും പുത്രന്റെ അമ്മയും | 23 |
| 37. | ഭൂസ്വർഗ്ഗം പേറുന്നോനെ | 23 |
| 38. | മനുജനു നിത്യവിമോചനമരുളും | 25 |
| 39. | മറിയമേ, നിന്റെ ചിത്രത്തിൽ നിന്നാ | 25 |
| 40. | മറിയമേ നിന്റെ നിത്യസഹായം | 26 |
| 41. | മറിയത്തോടൊത്ത് ധ്യാനിച്ചിടാം | 26 |
| 42. | മേരി മനോജ്ഞേ ദൈവമാതാവേ | 26 |
| 43. | മാതാവേ നിരുപമസ്നേഹനിധേ | 27 |
| 44. | വാനവ ദൂതർ തൻ മണിനാദമിതാ | 27 |
| 45. | വിമലേ അംബികേ നിന്നുടെ സവിധേ | 27 |
| 46 | വിശ്വാസമോടെ ജപമാലയേന്തി | 28 |
| 47. | സർവ്വനാഥനുർവ്വിസൃഷ്ടി | 28 |
| 48. | സുഗന്ധവാഹിനി അമ്മേ നിൻ | 29 |
| 49. | സ്വസ്തി നന്മ പൂരിതെ | 29 |
| 50. | റാണി മഹാറാണി കുമാരിമറിയം | 29 |
| 51. | റോസാ പൂവേ റോസാ പൂവേ | 30 |


- - -

## 1. അമലമനോഹരി മാതേ നീ

വിമല മനോഹരി നാഥേ നീ (2)
യേശുവിന്നമ്മെ എൻ പ്രിയ തായേ
ഞാൻ നിന്നെ സ്നേഹിക്കുന്നു (2)
ഞാൻ നിന്നെ സ്നേഹിക്കുന്നു (3) (അമല...)

സ്നേഹ പിതാവിൻ പ്രിയസൂനു
മനസ്സിൽ നിറയും മധുകണമെ (2)
എന്നുടെ അമ്മേ എൻപ്രിയ തായേ
നീ എന്നെ സ്നേഹിക്കുന്നു (2)
നീ എന്നെ സ്നേഹിക്കുന്നു (3) (അമല....)

ദൈവാത്മാവിൻ മണവാട്ടീ
തിരുസഭ തന്നുടെ വഴികാട്ടീ
സഭയുടെ അമ്മേ എൻപ്രിയ തായേ
ഞാൻ നിന്നെ സ്നേഹിക്കുന്നു (2)
ഞാൻ നിന്നെ സ്നേഹിക്കുന്നു (3) (അമല...)

## 2. അമലോത്ഭവയാം മാതാവേ

നിൻ പാവനപാദം ചേരുന്നു
കനകാലയമേ കന്യാംബേ
പരലോകത്തിൻ വാതിൽ നീ

കദനം തിങ്ങിയിതാ ഞങ്ങൾ
നിറകണ്ണുകളോടെ കേഴുന്നു
കരുണനിറഞ്ഞൊരു നാഥേ നീ
വിരവൊട് തൃക്കൺപാർക്കണമേ

നിത്യമനോഹരസൗഭാഗ്യം നിൻ
സുതനുടെ കനിവാൽ നേടീടാൻ
സുതവത്സലയാം മാതാവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്



## 3. അനുപമ സ്നേഹമാണമ്മ

അനശ്വര ഭാവമാണമ്മ (2)
ഇന്നെന്റെ ആത്മാവിൽ കുറുകും പ്രാവേ
നീയെന്റെ നെഞ്ചിൽ നിറയുംകൊഞ്ചൽ (2)
അമ്മ........ എന്റെ സ്വർഗ്ഗീയ അമ്മ
അമ്മ..... എന്റെ കർത്താവിന്നമ്മ (2)
ആവേ മരിയ ആവേ മരിയ
ആവേ ആവേ ആവേ മരിയ (2)
നീ നിന്റെ താതന്റെ മലരാണു താതേ
നീ നിന്റെ പുത്രന്റെ കനിവാണു പൂവേ
അന്നെന്റെ കർത്താവ് കല്പിച്ച് തന്നു (2)
അമ്മ.... എന്റെ സ്വർഗ്ഗീയ അമ്മ
അമ്മ.... എന്റെ കർത്താവിന്നമ്മ (2)
ആവേ മരിയ ആവേ മരിയ
ആവേ ആവേ ആവേ മരിയ (2)
ഇന്നെന്റെയമ്മേ ഉരുകുന്നു ഉള്ളം
കരയല്ലെ കരയല്ലെ കരയല്ലെ കുഞ്ഞേ
നീയെന്റെ ഉയിരിന്റെ ഉയിരാണു കരളേ (2)
അമ്മ.... എന്റെ സ്വർഗ്ഗീയ അമ്മ
അമ്മ..... എന്റെ കർത്താവിന്നമ്മ (2)
ആവേ മരിയ ആവേ മരിയ
ആവേ ആവേ ആവേ മരിയ (2) (അനുപമ...)

## 4. അമ്മയാണേവർക്കും അഭയമെന്നംബികേ

മറിയമേ ശരണം നി ഞങ്ങൾക്കുമമ്മ
കാരുണ്യം ചൊരിയും സങ്കേതം തേടുന്നു
ദുഃഖിതർ, പീഡിതർ, പാപികൾ ഞങ്ങൾ
ആവേ മരിയ (2)
സ്നേഹം ലഭിക്കാതെ നോവുന്നു ഞങ്ങൾ
ബന്ധുക്കൾ സ്നേഹിതർ കൈവിട്ടു ഞങ്ങളെ (2)
ആശ്രയം മരിയേ നിയാണമ്മേ
നിൻ മാതൃസ്നേഹം ഞങ്ങളിലേകു (2)
ആവേ മരിയ..... (2)
നിത്യസഹായമാം യേശുവിന്റെ അമ്മേ
നിത്യമാം ജീവന്റെ വഴിയിൽ നടത്തണേ
ദുഷ്ടനാം ഘോര പിശാചിന്റെ വഴിയിൽ
വീഴാതെ കാക്കണെ നിത്യ സഹായമേ
ആവേ മരിയ.... (2)

### 5. അമ്മയ്ക്കൊരുമ്മ അമ്മയ്ക്കൊരുമ്മ

അമലോത്ഭനാഥയ്ക്കു പൊന്നുമ്മ (2)
എന്റെ സ്വർഗ്ഗീയ നാഥയ്ക്കു പൊന്നുമ്മ

താരാട്ടുപാടുവാൻ നീ വരില്ലേ (2)
കൊഞ്ചലു കേൾക്കാൻ നീ വരില്ലേ
കുഞ്ഞിളം കൈയ്യിൽ മെല്ലെ പിടിച്ച്
മാറോടു ചേർക്കാൻ നീ വരില്ലേ (2) (അമ്മ....)

തെറ്റുചെയ്താലും സ്നേഹിക്കും
മാതൃസ്നേഹത്തിൻ നാഥ നീയേ (2)
എന്നെന്നും ചാരത്തു വന്നിരുന്നെന്നെ (2)
സ്നേഹത്തിൽ ലാളിക്കും അമ്മ നീയേ (2) (അമ്മ...)

### 6. അമ്മേ അമ്മേ അമ്മേ നിന്നുടെ

പൊന്നുണ്ണിമോനോടൊന്നു പറയൂ
പാവങ്ങൾ ഞങ്ങളിൽ കാരുണ്യം തൂകുവാൻ
പൊന്നുണ്ണി മോനോടൊന്നു പറയൂ

ബുദ്ധിയും ഞങ്ങൾക്ക് നൽകേണം
ശ്രദ്ധയും ഞങ്ങൾക്ക് നൽകേണം
സർവ്വവിജയവും തന്നുനീ ഞങ്ങളെ
പാലനം ചെയ്യണേ കന്യാംബേ

പ്രാർത്ഥനാ ചൈതന്യം നൽകേണം
ദൈവാരൂപി നിറയ്ക്കേണം
സെഹിയോനിൽ ശിഷ്യരോടൊത്ത് നീ പാർത്തപോൽ
ഞങ്ങൾക്കും കൂട്ടായിരിക്കേണം.

കാനായിൽ വെള്ളത്തെ വീഞ്ഞാക്കാൻ
പുത്രനിൽ സ്വാധീനം ചെയ്തില്ലേ
ആയതുപോലെയീ സോദരർ ഞങ്ങളിൽ
കാരുണ്യം തൂകണെ കന്യാംബേ

അന്ത്യവിനാഴിയിൽ അമ്മേ നീ
അന്തികെ ഉണ്ടായിരിക്കേണം
അന്തിയിൽ വേണ്ടവ നേടിത്തന്നു നീ
സ്വർഗ്ഗത്തിൽ ഞങ്ങളെ ചേർക്കേണം.



### 7. അമ്മേ അമ്മേ തായേ

അമ്മയ്ക്കേക മകനേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ
അപ്പമില്ലാതാകുമ്പോൾ
അപ്പത്തിൽ വാഴുന്നവനെ ഞാൻ ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ
മനസ്സിൽ ഭാരം കൂടുമ്പോൾ
ശിരസ്സിൽ മുൾമുടി അണിഞ്ഞവനെ ഞാൻ ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ
കൈയ്യും മെയ്യും തളരുമ്പോൾ
കൈകാലുകളിൽ മുറിവേറ്റവനെ ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ
നിന്ദനമേറ്റു തളരുമ്പോൾ
നഗ്നനാക്കപ്പെട്ടവനെ ഞാൻ ആരാധിക്കുന്നു.
അമ്മേ അമ്മേ തായേ
അങ്ങേയറ്റം തളരുമ്പോൾ
അത്ഭുതങ്ങൾ ചെയ്തവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
ഹൃദയം നീറിപുകയുമ്പോൾ
തിരുഹൃദയത്തിൻ രാജനെ ഞങ്ങൾ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
കണ്ണീർ കടലിൽ താഴുമ്പോൾ
കടലിനുമീതെ നടന്നവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
ഏകാകിയായി തീരുമ്പോൾ
ഗദ്സമനിയിൽ പ്രാർത്ഥിച്ചവനെ ഞാൻ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
രോഗഭാരം പെരുകുമ്പോൾ
രോഗസൗഖ്യം തന്നവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
നിദ്രാഭാരം പെരുകുമ്പോൾ
രാത്രികാലേ പ്രാർത്ഥിച്ചവനേ ആരാധിക്കുന്നു

അമ്മേ അമ്മേ തായേ
ദാരിദ്ര്യത്താൽ വലയുമ്പോൾ
നാല്പതുദിവസം ഉപവസിച്ചവനെ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
അദ്ധ്വാനത്താൽ തളരുമ്പോൾ
രാപകലദ്ധ്വാനിച്ചവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
തീഷ്ണതമങ്ങിപ്പോകുമ്പോൾ
താബോർ മലയിൽ ജ്വലിച്ചവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
കണ്ണീർ കടലിൽ താഴുമ്പോൾ
കയ്പുനീരു കുടിച്ചവനെ ഞാൻ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
പ്രലോഭനങ്ങൾ പെരുകുമ്പോൾ
പ്രലോഭനത്തെ ജയിച്ചവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
കുരിശിൻ ഭാരം പെരുകുമ്പോൾ
കുർബാനയായിത്തീർന്നവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
ഉത്കണ്ഠകളാൽ തളരുമ്പോൾ
ഉത്ഥിതനായി ജയിച്ചവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
സ്നേഹിതരെല്ലാം അകലുമ്പോൾ
ആത്മസ്നേഹിതനീശോയെ ഞാനാരാധിക്കുന്നു
അമ്മേ അമ്മേ തായേ
പകവിദ്വേഷം വളരുമ്പോൾ
ശത്രുവിനേയും സ്നേഹിച്ചവനെ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
വഞ്ചിതനായിത്തീരുമ്പോൾ
ഒറ്റു കൊടുക്കപ്പെട്ടവനെ ഞാനാരാധിക്കുന്നു.
അമ്മേ അമ്മേ തായേ
അന്തിമയങ്ങും നേരത്ത്
സാന്ധ്യാനേരം പ്രാർത്ഥിച്ചവനെ ആരാധിക്കുന്നു
അമ്മേ അമ്മേ തായേ
തിരുവചനം ധ്യാനിക്കുമ്പോൾ
മാംസമായൊരു വചനത്തെ ഞാനാരാധിക്കുന്നു.



### *8.* അംബികേ നാഥേ കന്യകെ

ത്രിലോകരാജ്ഞിയായ് മേവുന്നോളെ
പാടുന്നു ഞങ്ങൾ തൻ മാനസ വീണയിൽ
നിൻ സ്തുതി ഗീതകങ്ങൾ അമ്മേ
നിൻ സ്തുതി ഗീതകങ്ങൾ

ക്രോവേൻമാർ പേറും രഥമെ
സ്വർഗ്ഗീയ മന്നതൻ പൊൻപാത്രമെ
കാൽകുഴയുമ്പോഴൊരാശ്രയം നീ
അംബികേ ഞങ്ങൾക്കേകിടെണേ

ദൈവ ജനനിയാം നാഥേ
എരിതീയിൽ നീറാത്ത മുൾപ്പടർപ്പെ
കാവാലായ് തീരണെ എന്നാത്മാവിൻ
കന്മഷമെല്ലാം കഴുകിടെണേ.

### 9. ഇടനെഞ്ചിലെരിയുന്ന കനലിന്റെ ചൂടേറ്റ്

പൊഴിയുന്ന കണ്ണുനീർ മുത്തെടുത്ത്
അമ്മേ നിനക്കായ് ഞാൻ കോർത്തൊരുക്കി
അൻപത്തി മൂന്ന് മണി ജപമാല (ഇടനെഞ്ചി.....)

കണ്ണീരിൽ കനിയുന്നോരമ്മയല്ലേ
ഹൃദയത്തിൽ ആശ്വാസഗീതമല്ലേ
ഹൃദയേശ്വരനാം നിൻ മകനെൻ
കൈകളിൽ നൽകിയൊരമ്മയല്ലേ
അമ്മേ നിൻ സ്നേഹലാളനങ്ങൾക്കായ്
ഞാൻ നിനക്കേകുന്നു ജപമാല (ഇടനെഞ്ചി.....)

### 10. *ഉഷകാല നക്ഷത്രമായി*

വാനിൽ വിളങ്ങീടും
ജപമാലയിൽ വാഴും കന്യാംബികേ
കന്യാസുതനുടെ മാതാവേ
നിൻ തിരുനാമം പരിശുദ്ധം (ഉഷകാല)

താരഗണങ്ങളെ മുടിയിൽ ചൂടി
ചന്ദ്രനെ പാദത്തിൽ കീഴിലാക്കി
ഉഷസ്സിന്റെ ശോഭയിൽ വാഴുമമ്മേ
നിൻ തിരുനാമം പരിശുദ്ധം (2) (ഉഷകാല)

ഏദനിൽ വിടർന്നൊരു വാഗ്ദത്ത സൂനമേ
വെളിപാടിൽ നിറയും കന്യകയേ
സൂര്യനെ ഉടയാടയാക്കുമമ്മേ
നിൻ തിരുനാമം പരിശുദ്ധം (2) (ഉഷകാല)

### 11. ഉന്നതനേശുവിനീഭൂവിൽ

വന്നു പിറക്കാനമ്മയായ്
ഉത്ഭവ പാപക്കറയെന്യേ
മേരിയെ ദൈവം ഉരുവാക്കി (ഉന്നതനേശുവി....)

അമ്മേ മരിയേ വിമലാംബേ
അമലേ ധന്യേ കന്യാംബേ
അനുദിനമങ്ങേ പാദതാരണയാൻ
അലിവാർന്നിടണേ സകലരിലും

മന്നിൻ കൂരിരുൾ നീക്കിടാൻ
മന്നിലിറങ്ങിയ ദൈവസൂതൻ
തൻ പ്രഭയെങ്ങും വിതറാനായ്
മേരിയിലഭയം തേടുന്നൂ (മന്നിൽ കുരിരുൾ....)
(അമ്മേ മരിയേ.....)

അന്ധതയാർന്നൊരു ലോകത്തിൽ
നല്ലൊരു നാകം തീർക്കാനായ്
അമ്മേ ഭുവിലിറങ്ങിടണേ
യേശുവിനോടൊത്തീനാളിൽ
(അന്ധതയാർന്നൊരു ......)
(ഉന്നതനേശുവി..)
(അമ്മേ മരിയേ..)



### 12. എളിമയെന്ന പരമപുണ്യം

തരണമിന്നമ്മേ
നിന്റെ ചെറിയ മക്കൾക്ക്
നിന്റെ ചെറിയ മക്കൾക്ക്

ദൈവദൂതനോട് നാഥാ
അടിമയെന്നിദം
ചൊന്ന ദൈവജനനിയേ
ചൊന്ന ദൈവജനിയേ

തകർക്കും നിഗളമൊക്കെ ദൈവ
മിങ്ങനെ റൂഹാ
നിറഞ്ഞരുളി നീയല്ലോ
നിറഞ്ഞരുളി നീയല്ലോ

ദാസി തന്റെ എളിമ ദൈവം
തൃക്കൺ പാർത്തെന്ന്
പാടിസ്തുതിച്ച നാഥയേ
പാടി സ്തുതിച്ച നാഥയേ.

### 13. എന്നമ്മയെ ഓർക്കുമ്പോൾ

മാതാവേ നിന്നെ ഞാൻ ഓർക്കുന്നു മിഴിനീരോടെ
വ്യാകുല മാതാവേ നിന്നെ ഞാൻ കണ്ടത്
ആദ്യമാ കൺകളിലായ് - പ്രാർത്ഥന
ഉരുകുന്ന മിഴിനീരിലായ്

പൊട്ടിയിട്ടും കൂട്ടിക്കെട്ടിയ പഴയൊരു
ജപമാല വീട്ടിലുണ്ടായിരുന്നു.
സഹനത്തിൽ ഈശോയെ പിരിയാത്തൊ-
രമ്മതൻ ഹൃദയസ്പന്ദനമതിലായിരുന്നു
എന്റെ പ്രാർത്ഥന താളമതായിരുന്നു.

നന്മനിറഞ്ഞ മറിയമേ ചൊല്ലവേ
നാവിന്റെ പിഴയമ്മ തീർത്തിരുന്നു
മാതാവിൻ മടിയിലൂടെ ഈശോയിലെത്തുന്ന
കുറുക്കുവഴി അവൾ അറിഞ്ഞിരുന്നു
എന്റെ പ്രാർത്ഥന താളമതായിരുന്നു

അമ്മയാം മാതാവേ ഈശോതൻ
കുരിശിൽ നീ എന്നെയും ചേർക്കണമേ.

## 14. എന്തൊരാനന്ദം എന്തൊരാനന്ദം

അമ്മമേരിയൊപ്പം ആരാധിക്കുമ്പോൾ (എന്തൊരാനന്ദം)

മുൾമുടിയണിഞ്ഞ് ചോരവാർന്ന മനമേ
മുൾപ്പടർപ്പിലീശൻ അഗ്നിയായിടും (എന്തൊരാനന്ദം)

ദാസിയുടെ താഴ്മ തൃക്കൺപാർത്ത ഉന്നതൻ
ദാസരെ ഉയർത്താൻ അണയുന്നിതാ (എന്തൊരാനന്ദം)

ശക്തനായ ദൈവം വൻകാര്യങ്ങൾ ചെയ്യാൻ
സർവ്വശക്തിയോടെ എഴുന്നുൾകയായ് (എന്തൊരാനന്ദം)

## 15. എത്രയും ദയയുള്ള മാതാവേ-നിൻ

സങ്കേതം തേടിവരുന്നു ഞങ്ങൾ
നിൻ ചാരത്തോടിയണഞ്ഞവരെ -നീ
ഒരു നാളും കൈവിടില്ലല്ലോ തായേ (2) (എത്രയും)

ശരണം ഗമിപ്പൂ നിൻ തൃപ്പാദത്തിൽ
കരുണ തൻ നിറകുടമാകുമമ്മേ (ശരണം)
കനിവോടെ ഇവരെ നീ കാക്കേണമെ
കന്യകമാരുടെ റാണി നീയേ (എത്രയും)

നെടുവീർപ്പും കണ്ണീരും കൈമുതലായ്
അലയുമീ പാപികൾ തനയരല്ലോ- (നെടുവീ)
അതിരില്ലാ നിൻ ദയാവായ്പിലിതാ
അഭയത്തിനണയുന്നു സാധു ശീലർ (എത്രയും)

അവതാരം ചെയ്തൊരു വചനത്തിന്റെ
അമലയാം അംബികേ നന്മപൂർണ്ണേ (അവതാ)
അവനിയിൽ സുതരുടെ യാചനകൾ
അലിവോടെ കേട്ടു നിന്നഭയമേകു (എത്രയും....)

## *16.* ഏറ്റം പരിശുദ്ധ കന്യകയെ

എന്നുടെ വ്യാകുല മാതാവേ
പാവന വിമലം സ്നേഹമയം
നിൻമുഖ കമലം ശോകമയം (2)

ആവേ മരിയ ആവേ മരിയ (2)
സ്വർഗ്ഗ പിതാവിൻ പ്രിയപുത്രീ
യേശുവിനമ്മേ പ്രിയതായേ
റൂഹാ തന്നുടെ മണവാട്ടി
സ്നേഹത്തിൻ നിറ മലർവാടി (2)
ആവേ മരിയ ആവേ മരിയ (2)

പറുദീസായുടെ പടിവാതിൽ
കരുണാ സാഗര നിറകതിരേ
ചുംബന പൂവുകൾ നൽകട്ടെ
സഭയുടെ അമ്മേ ആശ്രയമേ
ആവേ മരിയ ആവേ മരിയ (2)

## 17. കർമ്മലനാഥേ വാഴ്ക

നിർമ്മലകന്യേ വാഴ്ക
നിന്റെ മക്കൾക്കഭയം
നിരസിക്കരുതെന്നമ്മേ......... 2
ആ.........(കർമ്മല നാഥേ)

കർത്താവിന്നെന്നും അമ്മ
പാർത്തട്ടിലെന്നും നീ ധന്യ
താപസർക്കെന്നെന്നും നീ മാർഗ്ഗം
തനയരിൽ നിറയും ഭാഗ്യം, ഭാഗ്യം
ആ.........(കർമ്മല നാഥേ)

സുരഭിലസുന്ദര സ്തുതിഗാനങ്ങൾ
സുതരിവരൊന്നായ് പാടുമ്പോൾ
സ്വർഗ്ഗം തുറന്ന് ശ്രവിക്കണമമ്മെ
കർമ്മലറാണി തായെ, തായെ
ആ...............(കർമ്മല നാഥേ.....)

## *18.* കർമ്മല സുമമേ നറുതേൻകുടമേ

സ്വർഗകുമാരനേ പെറ്റുവളർത്തിയ
നിർവൃതിതൻ നിറകുടമേ (2)

കന്യകേ നിന്നുദരത്തിലല്ലേ
വചനം മാംസമായി കതിർചൊരിഞ്ഞു (2)
നിന്നാത്മാവിൽ തടത്തിലല്ലേ
വാഗ്ദാനസൂനം ഇതൾ വിരിഞ്ഞു (2)
(കർമ്മലസുമമേ)

കന്യകേ നിൻ മടിത്തട്ടിലെന്നും
ഞങ്ങൾക്കിരിക്കാൻ ഇടം തരില്ലേ (2)
മുള്ളുകൾക്കിടയിൽ പൂഞ്ചിരിക്കും
നീയൊരു പുഷ്പസുഗന്ധമല്ലോ (2)
(കർമ്മലസുമമേ)

## 19. കാരുണ്യ സാഗരത്തിൻ താരകേ

അമ്മേ നിത്യസഹായമാതേ കന്യകേ
പാണികൾ കൂപ്പി വണങ്ങിടും
പാപികൾക്കേകു നൽവരം (2)

അമ്മേ നിൻമക്കൾ പാപികളാണേ
പാവങ്ങളാണേ കേഴുന്നെന്നും (കാരുണ്യ....)
രോഗത്തിൻ പീഡകൾ നിറുന്നഹൃദയം
കരയുന്നു നിൻ വരദാനത്തിനായ് (2) (കാരുണ്യ..)

ഞങ്ങൾ തൻ ജീവിത സംസാര ചെയ്തികൾ
അമ്മയ്ക്കനിഷ്ടമായ്ത്തീർന്നുവെങ്കിൽ (2)
നാഥേ ചെയ്തിടാം പരിഹാരമെന്നുമേ
പുതിയൊരു ജീവിതത്താൽ നിത്യവും

സുകൃതാഹാരങ്ങൾ കൊരുക്കുവാൻ
നിൻവരമേകുധന്യേ നായികേ (കാരുണ്യ)

## 20. കുരിശിൽ നിന്നന്നു ഞാനീ സ്വരം കേട്ടു

ഇതാണ് നിന്റെ അമ്മ
പ്രാണപീഡയാൽ പിടയുന്ന നാഥനന്ന്
അന്ത്യസമ്മാനമായ് എനിക്കു നല്കി
അമ്മേ....അമ്മേ.... അമ്മേ.....അമ്മേ..... (കുരി......)

കാനായിൽ വന്നപോൽ എൻ ഹൃദയത്തിൽ
ഇന്നു കടന്നു വന്നീടണേ
അവരുടെ വീഞ്ഞ് തീർന്നുപോയിയെന്ന്
പുത്രനോടൊന്നു നീ ചൊല്ലീടണേ
അമ്മേ...അമ്മേ....അമ്മേ......അമ്മേ (കുരി...)

ഒരു കൽഭരണിയാം എന്നിലുള്ള
പാപജലം പുതുവീഞ്ഞാക്കണേ
സ്വർഗ്ഗരാജ്യത്തിൻ രഹസ്യമറിയുവാൻ
മദ്ധ്യസ്ഥമേകണേ സ്വർഗ്ഗരാജ്ഞി
അമ്മേ.......അമ്മേ....അമ്മേ.......അമ്മേ (കുരി....)



## 21. താവകസൂനുവിൻ ഗീതങ്ങൾ പാടുവാൻ

സർവ്വലോകത്തിനും രക്ഷ നല്കീടുവാൻ
പാപത്തിൻ ജീവിതം കൈവെടിഞ്ഞീടുവാൻ
പുണ്യത്തിൻ പാതയിൽ നിത്യം ചരിക്കുവാൻ

സത്യത്തിൻ ധാരകൾ നിത്യം ചൊരിഞ്ഞിടാൻ
നീതിയും ധർമ്മവും നിത്യവും പാലിക്കാൻ
ഐക്യവും സേവനനിഷ്ഠയും കാത്തിടാൻ
നിത്യസമാധാനം ഞങ്ങളിൽ വാഴുവാൻ

വിശ്വാസദീപമീലോകത്തിൽനാട്ടുവാൻ
സ്വർഗ്ഗീയമാം ശാന്തി മാനവർക്കേകിടാൻ
ദൈവ പ്രസാദത്തിൽ കാന്തി പരത്തുവാൻ
സ്വർഗ്ഗിയ സൗഭാഗ്യം കൈവരിച്ചിടുവാൻ
താവകസന്നിധേ നിത്യവും വാണീടാൻ

## 22. നന്മനിറഞ്ഞ മറിയമേ സ്വസ്തി

സ്ത്രീകളിൽ ധന്യേ നിനക്ക് സ്വസ്തി
പാപികൾ ഞങ്ങൾ നിൻ മക്കളല്ലോ
അമ്മേ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ

കദനം തിങ്ങുമെൻ ജീവിതയാത്രയിൽ
കനിവോടെ എന്നെ നീ നയിക്കേണമേ
തൻ സുതനോടെന്നും പ്രാർത്ഥിക്കണേ
നേർവഴിക്കെന്നെ നീ നയിക്കണമേ

സഹനം നിറഞ്ഞൊരു ഈ ലോകജീവിതേ
എന്നെന്നും താങ്ങായി നീ നിൽക്കണമേ
സഹനത്തിൻ മാതൃക നാഥേ നീ
നേർവഴിയ്ക്കെന്നെ നീ നടത്തേണമെ

## 23. നന്മനിറഞ്ഞവൾ ആയവളമ്മേ

നിൻമുൻപിൽ വന്നമ്മേ കേണിടുന്നു
ദു:ഖിതരായവർ പീഡിതരായവർ
നിൻ മുൻപിൽ വന്നമ്മേ കേണിടുന്നു

പാപികളായവർ പാവങ്ങളായവർ
നിൻമുൻപിൽ വന്നമ്മേ കേണിടുന്നു
ആകുലരായവർ ആശ്രയമില്ലാത്തോർ
നിൻമുൻപിൽ വന്നമ്മേ കേണിടുന്നു.

അദ്ധ്വാനിക്കുന്നവർ ഭാരം വഹിക്കുന്നോർ
നിൻമുൻപിൽ വന്നമ്മേ കേണിടുന്നു
രോഗികളായവർ കണ്ണീരിൽ മുങ്ങിയോർ
നിൻമുൻപിൽ വന്നമ്മേ കേണിടുന്നു.

## 24. നന്മനിറഞ്ഞവളേ കന്യാമറിയമേ

നിന്റെ സ്നേഹത്തിൻ പൊൻകുടക്കീഴിൽ
ഞങ്ങളിന്നാശ്വസിക്കുന്നു
നിന്നിൽ ഞങ്ങൾ സമാശ്വസിക്കുന്നു (നന്മ നിറഞ്ഞ.....)

ഞങ്ങൾ അനാഥർ ആലംബഹീനർ (2)
തുവാതെ പോകുന്ന മഴമുകിൽ ധാരയിൽ
അലയുന്ന വേഴാമ്പൽ ഞങ്ങൾ
അനുഗ്രഹിക്കു അമ്മേ കൃപചൊരിയൂ
ഏകു നിൻ സ്നേഹത്താൽ മഴചൊരിയൂ.

നിത്യസഹായനാഥേ നിൻ
മക്കൾക്കായ് പ്രാർത്ഥിക്കണേ (2) (നന്മനിറഞ്ഞ.)

അംഗവിഹീനർ അന്ധതവന്നവർ (2)
സായാഹ്ന സാനുവിൽ മിഴിയിതൾ വാടിയ
അലരിന്റെ നാളങ്ങൾ ഞങ്ങൾ
അനുഗ്രഹിക്കു അമ്മേ കൃപ ചൊരിയൂ
പാടാം നിൻ സ്നേഹത്തിൽ കഥപറയാം.

നിത്യസഹായനാഥേ നിൻ
മക്കൾക്കായ് പ്രാർത്ഥിക്കണേ (2) (നന്മനിറഞ്ഞ...)

## 25. നന്മനിറഞ്ഞവളേ സ്വസ്തി

നിർമ്മല കന്യകയേ
നിൻ സുതർ ഞങ്ങൾക്കായ് ദിനവും
പ്രാർത്ഥിക്കേണമേ -നിൻ

കഷ്ടതൻ നടുവിൽ ഞങ്ങൾ
മിഴിനീർ തൂകുമ്പോൾ
പാപപരീക്ഷകളിൽ ഞങ്ങൾ
ആകുലരാകുമ്പോൾ

ശക്തിതരേണം നീയമ്മേ
നിത്യമഹാരാജ്ഞി (നന്മ..)
അലറു അലകടൽമേൽ
ജീവിതനൗക തുഴയുമ്പോൾ

അലയാഴിയതിൽ താഴാതെ
തീരം കാട്ടണമെ
ശക്തി നികേതം നീ
ഞങ്ങൾക്കദ്ഭുതദീപം നീ (നന്മ...)

## 26. നന്മ നിറഞ്ഞോരമ്മേ

അതി ധന്യേ... അതി ധന്യേ രാജകന്യേ
കന്യാ മരിയേ നീ
കരുണക്കടലല്ലോ
താങ്ങും തണലും മക്കൾക്കെന്നും
തായേ നീയല്ലോ... (2)

പാപത്തിൻ നടുവിൽ
പാതകളിരുളുമ്പോൾ
മക്കൾക്കെന്നും കൈത്തിരിയായതു
മരിയേ നീയല്ലോ... (2)

കൈക്കുമ്പിൾ നീട്ടി
പാപികൾ - നിൽക്കുമ്പോഴമ്മേ
എന്തും നൽകി ആശകൾ തീർപ്പതു
നിന്തിരുവടിയമ്മേ... (2)

## 27. നന്മനേരും അമ്മ – വിണ്ണിൻ രാജകന്യാ

ധന്യ സർവ്വ വന്ദ്യ-മേരി ലോകമാതാ
കണ്ണിലുണ്ണിയാകും-ഉണ്ണിയേശു തന്റെ
അമ്മയായ മേരി-മേരീ ലോകമാതാ (നന്മ....)

മാതാവേ മാതാവേ മന്നിൻ ദീപം നീയേ
നീയല്ലോ നീയല്ലോ-നിത്യസ്നേഹധാര
ആശാപൂരം നീയേ-ആശ്രയതാരം നീയേ
പാരിൻ തായ നീയേ -മേരി ലോക മാതാ (നന്മ...)

പാവങ്ങൾ പൈതങ്ങൾ-പാദം പൂൽകി നില്പൂ
സ്നേഹത്തിൻ കണ്ണീരാൽ-പൂക്കൾ തൂകി നില്പൂ
കുമ്പിൾനീട്ടും കയ്യിൽ – സ്നേഹം തൂകും മാതാ
കാരുണ്യാധി നാഥാ – മേരി ലോകമാതാ (നന്മ....)

## 28. നല്ല മാതാവേ, മരിയേ!

നിർമ്മലയൗസേപിതാവേ!
നിങ്ങളുടെ പാദപങ്കജത്തിൽ
ഞങ്ങളെവച്ചിതാ കുമ്പിടുന്നേൻ,
ആത്മശരീരേന്ദ്രിയങ്ങളായ
ധീസ്മരണാദിവശങ്ങളേയും
ആയവറ്റിൻ പലകർമ്മങ്ങളും
പോയതുമുള്ളതും മേലിലേതും
കണ്ണുതിരിച്ചു കടാക്ഷിച്ചതിൽ
തണ്യതു സർവ്വമകറ്റിക്കൊണ്ട്
പുണ്യമായുള്ളതു കാത്തവറ്റാൽ
ധന്യരായ് ഞങ്ങളെയാക്കീടുവിൻ
മുമ്പിനാൽ ഞങ്ങളെ കാത്തുവന്ന
തുമ്പം തരും ദുഷ്ടപ്പാതകരാം,
ചൈത്താന്മാർ ഞങ്ങളെ കാത്തീടുവാൻ
ചത്താലും ഞങ്ങൾക്കതിഷ്ടമല്ല.
ആ ദുഷ്ടർ ഞങ്ങളെ കാത്തിടുകിൽ
ഹാ! കഷ്ടം ഞങ്ങളെ ദുഷ്ടരാക്കി.
ഇമ്പം കാണിച്ചു പ്രിയം വരുത്തി
പിമ്പവർ ഞങ്ങളെ നാശമാക്കും.

അയ്യോ മാതാവേ, പിതാവേ, അവറ്റെ
അയ്യായിരം കാതം ദൂരമാക്കി,
ഞങ്ങളെ കൈകളിൽ താങ്ങിക്കൊണ്ട്
നിങ്ങടെ പുത്രനു ചേർത്തുകൊൾവിൻ.

## 29. നിത്യവിശുദ്ധയാം കന്യാമറിയമേ

നിൻ നാമം വാഴ്ത്തപ്പെടട്ടെ
നന്മനിറഞ്ഞ നിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ

കാറ്റുവിതച്ചുകൊടുങ്കാറ്റു കൊയ്യുന്ന
മേച്ചിൽപ്പുറങ്ങളിലൂടെ (2)
അന്തിക്കിടയനെ കാണാതലഞ്ഞീടും
ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ,
മേയും ആട്ടിൻപറ്റങ്ങൾ ഞങ്ങൾ

ദു:ഖിതർ ഞങ്ങൾക്കായ് വാഗ്ദാനം കിട്ടിയ
സ്വർഗ്ഗ കവാടത്തിൻ മുൻപിൽ (2)
മുൾമുടി ചൂടി കുരിശും ചുമന്നിതാ
മുട്ടിവിളിക്കുന്നു ഞങ്ങൾ
ഇന്നും മുട്ടിവിളിക്കുന്നു ഞങ്ങൾ

## 30. നിത്യവും ഞങ്ങൾക്കനുഗ്രഹമേകുന്ന

നിത്യസഹായ നാഥേ (2)
ഉണ്ണിയെ കൈകളിലേന്തുന്ന നാഥേ
ഞങ്ങൾക്കും മാതാവു നീയേ
മാതാവു നീയേ (നിത്യവും.........)

യേശുവിൻ മാതാവേ കന്യാമേരിയെ
ഞങ്ങൾക്കും മധ്യസ്ഥയാകേണമെ (2)
നിന്റെ വിശുദ്ധിയും ഭക്തിയും ഞങ്ങൾ
മാതൃകയാക്കാൻ വരമേകണെ (2) ( നിത്യവും....)

ദുഃഖത്താൽ ഹൃദയം നീറുമ്പോഴെല്ലാം
ആശ്വാസമേകുവാൻ നീ വരണേ (2)
നിൻ സവിധേ ഞങ്ങൾ ഓടിയെത്തും നേരം
കാരുണ്യവർഷം ചൊരിയേണമെ (2) (നിത്യവും...........)

**31. നിത്യസഹായ നാഥേ**

പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ
നിൻമക്കൾ ഞങ്ങൾക്കായ് നീ
പ്രാർത്ഥിക്ക സ്നേഹനാഥേ

നീറുന്ന മാനസങ്ങൾ
ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ
നിന്നിതാ കേഴുന്നമ്മേ (നിത്യസഹായ നാഥേ ..)

കേൾക്കണേ രോദനങ്ങൾ
നല്കണേ നൽവരങ്ങൾ
നിൻ ദിവ്യസൂനുവിങ്കൽ
ചേർക്കണേ മക്കളെ നീ (നിത്യസഹായ നാഥേ ..)

**32. നിത്യസഹായ മാതാവേ ലോകമാതാവെ**

നിത്യദുഖങ്ങൾതൻ കാൽവരിക്കുന്നിൽ
ശോശന്ന പൂക്കൾ വിടർത്തേണമെ എന്നും
ശോശന്ന പൂക്കൾ വിടർത്തേണമെ (നിത്യസഹായ)

അഴലിന്റെ പാഴ്മരഭൂമിയിൽ നിൻ മനം
കുളിർമാരി ചൊരിയേണമെ
ഇരുളിന്റെ രഥമോടും പാതയിൽ നിൻ കരം
പൊന്നൊളി വിതറേണമെ എന്നും
പൊന്നൊളി വിതറേണമെ (നിത്യസഹായ)

ദാഹിച്ചുകേഴുന്ന പൈതങ്ങൾ ഞങ്ങളിൽ
സ്നേഹം ചുരത്തുന്ന സ്നേഹമാതേ
നിൻ കാലടി പൂകി ആശ്വസം തേടുന്നു
നിൻ സ്തുതിഗീതങ്ങൾ പാടി എന്നും
നിന്നപദാനങ്ങൾ വാഴ്ത്തി (നിത്യസഹായ)

**33. നിത്യസഹായ കേന്ദ്രം**

ആ മർത്യാശാ കേന്ദ്രം
ആകുന്നല്ലോ പാടാം ഞങ്ങൾ
തവതിരുസവിധേ നിൻ
പാവന ഗീതങ്ങൾ (നിത്യസഹായ.....).

നിരുപമകാന്തി പരത്തി
പാരിൽ ശാന്തി പുലർത്തി
ദുഖിതരാകും മക്കൾക്കെന്നും
നൽ വരങ്ങൾ നൽകി (2)



വാഴുന്നോരമ്മയെ കാണുക ബലിപിഠേ
പാടുകനാമം പാവനനാമം
മാതാവിൻ ഗാനം വാനിൽ ഉയരട്ടെ
വാനിൽ ഉയരട്ടെ (നിത്യസഹായ.....).

പോകട്ടെ ഞാനമ്മേ നാളെയുമെത്താം ഞങ്ങൾ
കുന്നും മലയും കാട്ടാറുകളും
കടന്നു ഞങ്ങളെന്നും (2)

പരിഹാരം ജപമാല
കാഴ്ച്ചയണയ്ക്കാം തിരുമുമ്പിൽ
നരഗണമാകെ നൽവരമേകി
ഈ ചെറു ദോവാലയത്തിലെന്നും
വാണിടുന്നല്ലോ (2) (നിത്യസഹായ.....).

**34. നിന്റെ തകർച്ചയിൽ ആശ്വാസമേകാൻ**

നിന്റെ തളർച്ചയിൽ ഒന്നുചേരാൻ
നിന്നെ താരാട്ടു പാടിയൂറക്കാൻ
ഇതാ ഇതാ നിന്റെ അമ്മ (2) (നിന്റെ തകർച്ചയിൽ..)

ത്യാഗത്തോടെന്നെ കൈകളിൽ താങ്ങിയോളല്ലോ
സ്നേഹത്തോടെന്നെ ഉദരത്തിൽ വഹിച്ചവളല്ലോ
നിൻ വേദനയിൽ സഹനത്തീയിൽ
വിങ്ങി വിതുമ്പും നിൻ ഹൃദയ കോണിൽ
നിർമ്മല സ്നേഹ തെളിനീരൂനൽകാൻ
ഇതാ ഇതാ നിന്റെ അമ്മ (2) (നിന്റെ തകർച്ചയിൽ..)

തിരുക്കുടുംബത്തിൻ നാഥയാണമ്മ
തിരുസഭയുടെ നാഥയാണമ്മ
നിത്യം പരിശുദ്ധ മറിയമാണമ്മ
ഇതാ ഇതാ നിന്റെ അമ്മ (2) (നിന്റെ തകർച്ചയിൽ..)

പാപികൾക്കെന്നെന്നും ആശ്രയമായവളല്ലോ
പാപിക്കായെന്നും പ്രാർത്ഥിക്കുന്നവളല്ലോ

പാപചേറ്റിൽ നീ പിടയുമ്പോൾ
സാന്ത്വനമേകാൻ നിൻ കണ്ണീരൊപ്പാൻ
നിന്നെ എന്നും മാറോടു ചേർക്കാൻ
ഇതാ ഇതാ നിന്റെ അമ്മ (2) (നിന്റെ തകർച്ചയിൽ..)

**35. നീയെന്റെ വെളിച്ചം ജീവന്റെ തെളിച്ചം**

നീയെന്നഭയമല്ലേ അമ്മേ, നീയെൻ അഭയമല്ലേ
കൈവെടിയരുതേ കന്യാമറിയമേ
കനിവിൻ കേദാരമേ അമ്മേ,
കനിവിൻ കേദാരമേ

എന്റെ ഹൃദയം തളരുന്നേരം
എനിക്കു താങ്ങായ് നിൽക്കേണമെ
നിന്റെ ദയതൻ കല്പടവിൽ നീ
എന്നെ ഇരുത്തേണമെ... അമ്മേ
കനിവിൻ കേദാരമേ (നീയെന്റെ വെളിച്ചം...)

അനുതാപത്തിൽ അഗ്നിയിലെരിയും
അജഗണങ്ങൾ ഞങ്ങൾ
നിൻതിരുസ്നേഹം ചൊരിയാൻ കനിയൂ
യേശുമാതാവേ.... അമ്മേ
കനിവിൻ കേദാരമേ (നീയെന്റെ വെളിച്ചം...)

**36. പിതാവിന്റെ മകളും പുത്രന്റെ അമ്മയും**

പരിശുദ്ധാത്മാവിൻ മണവാട്ടിയും ആകും
പരിശുദ്ധ രാജ്ഞി കന്യാമേരി

ഭാഗ്യസംപൂരിതേ അമ്മേ
ഞങ്ങൾ തൻ ജീവനും മാധുര്യവും നീയേ
നിൻമുമ്പിൽ ഞങ്ങൾ കേണിടുന്നു
കരുണതൻ മിഴികൾ നീ തുറക്കൂ - അമ്മേ

പരിശുദ്ധി തൻ നിറവാം അമ്മേ
കരുണതൻ നിറകുടമാം അമ്മേ
ഈ ലോകത്തിൻ മോഹങ്ങളിൽ നിന്നും
ആപത്തിൽ നിന്നും നീ കാത്തിടണേ - അമ്മേ.

**37. ഭൂസ്വർഗ്ഗം പേറുന്നോനെ**

മറിയാമുദരെ കൈക്കൊണ്ട്
കാലത്തികവിൽ ബേത്‌ലഹേം
ഓഫ്രത്തായിൽ വെളിവാക്കി

സർവ്വേശ്വരനുടെ പെറ്റമ്മേ!
കരുണക്കടലേ, പരിശുദ്ധേ!
താഴാഴ്മയുടെ മാതൃകയേ!
പ്രാർത്ഥിക്കണമേ, കൈവെടിയല്ലേ



നിന്നേകസുതൻ സന്നിധിയിൽ
അർപ്പിക്കണമീയടിയാരെ
കൃപയും വാഴ്‌വും നൽകേണമേ

ആദത്തിൻ പാപം പോക്കി
ട്ടേദനിലവനെയേറ്റീടാൻ
താതാത്മജവചനം നരനായ്-
ത്തീരാൻ റൂഹാ തിരഞ്ഞെടുത്ത

നിർമ്മല കന്യകയേ സ്വസ്തി;
രണ്ടാം ഹൗവ്വായേ സ്വസ്തി;
കൃപനിധിയാമമ്മേ സ്വസ്തി
തൃക്കൺ പാർക്കണമീയടിയാരെ

തവസന്നിധിയിൽ കണ്ണീരോ -
ടർത്ഥന ചെയ്യും മക്കളെ നീ
കൈവെടിയല്ലേ മാതാവേ!

ദൈവിക സൂര്യനുദിച്ചെന്ന
ദിവ്യാംബരമേ തേ സ്വസ്തി
ജീവമരത്തെ മുളപ്പിച്ച
തിരുവയലാമമ്മേ സ്വസ്തി

കുഞ്ഞാടുണ്ടായൊരുമരവും
നീരുറവൊഴുകിയ തീപ്പാറ
നാണയമരുളിയ മത്സ്യമതും
മാതാവെ നിന്നെ വെളിവാക്കി

സകല ചരാചര സ്രഷ്ടാവിനെ
കൈകളിലാഘോഷിച്ചവളെ
അമ്മേ! കൃപചെയ്തീടേണമെ

മന്നാനിക്ഷേപിത ചെപ്പും
അഹറോൻ തൻ കിളുർത്ത വടിയും
ഉൾക്കൊണ്ടൊരു നിയമപ്പെട്ടി
ശ്ലേമൂൻ തന്നുറുമാലുമിവ

നിൻ സാമ്യം ദൈവജനനി
അസ്പഷ്ടം നിബിയൻമാരും
സസ്പഷ്ടം ശ്ലീഹൻമാരും
നിൻ സുതരഹസ്യം കാണിച്ചു

സതതം സ്തുത്യനാകുകയാൽ
നിന്നുടെ സൂനു മിശിഹായേ
ഞങ്ങളെന്നും വണങ്ങുന്നു.

## 38. മനുജനു നിത്യവിമോചനമരുളും

ദൈവകുമാരക ജനനീ
നിതാന്ത തമസ്സിൽ നഭസേ തെളിയും
പ്രഭാത മഞ്ജുളതാരേ
താവക നിറവുകളോതും തനയരിൽ
തൂകണേ തവ കൃപ മേൽമേൽ (മനുജനു....)

മരുഭൂവിൽ പാവകജ്വാലകൾ നടുവിൽ (2)
മുൾച്ചെടിയായ് നിന്നവളേ
വിനാശകരമാം പ്രളയജലത്തിൽ
പെട്ടകമായ് വന്നവളേ
തിരുവരമാരി നീ ചൊരിയു നിരതം
അഴകെഴും വാർമഴവില്ലേ (മനുജനു......)

മഴമുകിലായന്ന് കാർമലമലമേൽ (2)
വന്നു നീ വൻമഴയേകി
അനാദി സൂനുവാം യേശുവിൻ ജനനീ
ത്രാണകനേശുവിൻ തുണ നീ
സുരലോകേ ചേരാനരുളൂ കൃപ നീ
വാനവ റാണിയാം മരിയേ (മനുജനു........)

## 39. മറിയമേ, നിന്റെ ചിത്രത്തിൽ നിന്നാ

നേത്രങ്ങൾകൊണ്ടു നോക്കുക
നിൻപാദേ ഇതാ നിൻമക്കൾ വന്നു
നിൽക്കുന്നു അമ്മേ, കാണുക.

മാധുര്യമേറും നിൻനേത്രങ്ങൾ ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ
ആ നിന്റെ തിരു നേത്രങ്ങൾകൊണ്ടു
നോക്കുക മക്കൾ ഞങ്ങളെ.

## 40. മറിയമെ നിന്റെ നിത്യസഹായം

തേടുന്നു ഞങ്ങളമ്മെ
മക്കളെന്നോർത്തു നീ ഞങ്ങൾതൻ
പ്രാർത്ഥന ഒക്കെയും കേൾക്കണമേ!

ഭാഗ്യവിഹീനരെ നിത്യവും കാത്തിടാൻ
കെൽപ്പെഴും താങ്ങായ് നിന്നെ
നിൻ പുത്രൻ ഏൽപ്പിച്ചു ഭാരമതേറ്റ നീ
ഞങ്ങളെ കാത്തിടണേ.

നിത്യസഹായം നീ എന്നുള്ള ബോധമീ
ഞങ്ങളിലാഴമായി വളരുവാൻ
നല്ലൊരു വരമിന്നുനൽകണേ
നിൻമക്കൾകേഴുന്നിതാ

## 41. മറിയത്തോടൊത്ത് ധ്യാനിച്ചീടാം

ദൈവാത്മാവിൽ നിറഞ്ഞീടാം

സെഹിയോൻ ശാലയിലേ
ആത്മാഭിഷേകം പോൽ
അഭിഷേകമേകിടുവാൻ
മദ്ധ്യസ്ഥമാകണമേ

ജീവിത മരുഭൂമിയിൽ
നീറുന്ന മക്കളേ നീ
തിരുക്കച്ചയാൽ പൊതിയേണമെ
വിമലേ കന്യാംബികെ

## 42. മാതാവേ നിരുപമ സ്നേഹനിധേ

മാതാവേ മാതാവേ മാതാവേ
പാടിടാം പാടിടാം സ്തോത്രവാണി
നിൻ ദിവ്യമഹത്വങ്ങൾ പാടിടുന്നു
പാടിടുന്നു വണങ്ങിടുന്നു
നിൻ ദിവ്യമഹത്വങ്ങൾ വാഴ്ത്തിടുന്നു

കരകാണാതലയുന്നു തോണിപോലെൻ
ജീവിതനൗക താണിടുമ്പോൾ
കരം തന്നു കരകേറാൻ കരുത്തേകണേ
കരകാണാ കടലിൽ താണിടാതെ

### 43. മേരി മനോജ്ഞേ ദൈവമാതാവേ

പാപികൾക്കാശ്രയം നീയേ
ഞങ്ങൾക്കഭയം നീയെ
പാപത്തിൻ ചുഴിയിലലയുന്നു ഞങ്ങൾ
ആലംബമെന്യേ കേണിടുന്നു.
പൊൻക്കരം നീട്ടി ശാന്തിതൻ നാട്ടിൽ
ആനയിക്കൂ ഞങ്ങളെ (ആനയിക്കൂ ...)
നിർമ്മലമാം നിൻചേവടിയിൽ
ആശ്രയം തേടുന്നീ പതിതർ ഞങ്ങൾ
സ്വർഗ്ഗീയ ഭാഗ്യം തേടുന്നു ഞങ്ങൾ
ആനയിക്കൂ ഞങ്ങളെ (ആനയിക്കൂ ...)

### 44. വാനദൂതർ തൻ മണിനാദമിതാ

കേൾക്കുന്നു പാടിടാം മേരിതൻ സ്തോത്രം
ആവേ......ആവേ.....ആവേ മരിയാ
ആവേ......ആവേ.....ആവേ മരിയാ
മാമക ഹൃത്തിതാ നിൻ സ്വന്തമമ്മേ
ഓ! മേരി നിർമ്മലേ തൃക്കൺപാർക്കെന്നെ
ആവേ.....ആവേ.....ആവേ മരിയാ
ആവേ.....ആവേ.....ആവേ മരിയാ

### 45. വിമലേ അംബികേ നിന്നുടെ സവിധേ

അഭയം തേടി വരുന്നു ഞാൻ
എന്നുടെയർച്ചന യാചനയെല്ലാം
കൈക്കൊള്ളണമെ തായേ നീ (2) (വിമലേ..)
അഴലാമാഴിയിൽ ആഴാതെന്നെ
അലിവെഴുമമ്മേ കാത്തിടണേ (2)
പാപക്കരിനിഴൽ വീശും നേരം
കൃപയുടെ കതിരുകൾ ചൊരിയണമെ (2) (വിമലേ..)
മന്നിതിൽ ജീവൻ പിരിയും നേരം
വിണ്ണിലണഞ്ഞു ദാസൻ ഞാൻ (2)
നിന്നോടൊന്നായ് ഈശനെ വാഴ്ത്താൻ
തുണയേകണമേ നാഥേ നീ (വിമലേ)



### 46. വിശ്വാസമോടെ ജപമാലയേന്തി

അമ്മേ ഞങ്ങൾ വന്നിടുന്നു (2)
ക്ലേശം തിങ്ങും ജീവിതവഴികളിൽ
നാഥനെ തേടിടുമ്പോൾ
ജപമാല രാഞ്ജി ഞങ്ങൾക്കെന്നും
അഭയമായ് തീർന്നിടണേ (വിശ്വാസ)
ആലംബഹീനരും ആകുലചിത്തരും
നിന്നെ വിളിച്ചിടുന്നു
പാപികളാം ഞങ്ങൾ നിൻ തിരു ദർശനം
കാത്തിരിക്കുന്നിവിടെ (വിശ്വാസ)
സമ്പത്തും സർവ്വവും ത്യജിച്ചീടുവാൻ
നാഥനെ സ്വന്തമായി സ്വീകരിക്കാൻ
ജപമാല രാജ്ഞി ജപമാല രാജ്ഞി
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

### 47. സർവ്വനാഥനുർവ്വി സൃഷ്ടി ചെയ്യുമുന്നമ്മേ,

ദിവ്യരൂപമായ് നിർമ്മിച്ച ദൈവമാതൃമരിയേ
ഭാഗ്യശാലി യോഗ്യശാലി രക്ഷമൂലി
ഇക്ഷിതി പരിപാലി (സർവ്വ.......)
വർണ്ണശോഭയേറുമുഷകാലതാരമേ, മഹാ
അർണ്ണവയാത്രയ്ക്കുദിച്ച രക്ഷതാരമേ,
രക്ഷനാഥനുത്ഭവിച്ച ജ്ഞാനപാത്രമേ,
ധർമ്മചിത്തേ വെൺമുത്തേ കന്മഷത്തെ-
യകറ്റും പരിശുദ്ധേ (സർവ്വ....)
ധന്യയാമന്നയിലുത്ഭവിച്ച കന്യയേ സർവ്വ-
പാലനെപ്പാലിച്ച പരിപൂർണ്ണ ധന്യയേ
പാപസന്താപമൊഴിക്കും വരവാഹമേ നിത്യ-
ജീവനൗഷധം സൂക്ഷിച്ച സ്വർണ്ണഗേഹമേ,
ലോകപാലേ, കൃപാശീലേ അനുകൂലേ
കന്യകമാർ മണിമൗലേ (സർവ്വ...)
നിർമ്മലസഭയ്ക്കാന്ദമായ മാതാവേ,
പുത്രനാ, ദൈവസുതനെപ്പെറ്റ മാതൃവേ,
ലോകമർത്ത്യരഖിലർക്കാശ്രയമായ മാതാവേ,
സുന്ദരാംഗി നിർമ്മലാംഗി സങ്കടങ്ങളൊഴിക്കും-
ദയാപാംഗി. (സർവ്വ...... )

**48. സുഗന്ധവാഹിനി അമ്മേ നിൻ**

സുതനേ വാഴ്ത്തുന്നു
സുകൃതങ്ങൾ നിറഞ്ഞിടാൻ
സുതനേ വാഴ്ത്തുന്നു.

ഇന്നോളം പാപത്തിൽ ദുർഗന്ധം പേറും
ആത്മാവിൻ റൂഹാതൻ ധൂപം നിറയ്ക്കൂ (2)-ഓ
ആത്മാവിൻ റൂഹാതൻ ധൂപം നിറയ്ക്കൂ (സുഗന്ധ..)

ആദ്യത്തെ സക്രാരി നീയേ മാതാവേ
ജീവന്റെ മന്നാ നിൻ ഉദരഫലം തന്നെ (2) - ഓ
ജീവന്റെ മന്നാ നിൻ ഉദരഫലം തന്നെ (സുഗന്ധ..)

**49. സ്വസ്തി നന്മ പൂരിതേ**

നിന്നോടുകൂടെ നാഥനും
സ്ത്രീകളിൽ അനുഗ്രഹിത
നിൻ കുമാരനേശുവും

പാപരഹിതയായ മേരി
തമ്പുരാന്റെ അമ്മ നീ
പാപികൾ ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കേണമിപ്പോഴും

താതനും സ്വപുത്രനും
തൻ പവനാത്മനും മുദാ
സ്തോത്രമേകിടുന്നു, നിത്യ
കാലവും നമോ സ്തുതേ!

**50. റാണി മഹാറാണി കുമാരി മറിയം**

സ്വർഗ്ഗറാണി സ്നേഹറാണി (2)

നന്മ നിറഞ്ഞവളെ നിനക്കു സ്വസ്തി!
കർത്താവു നിന്നോടു കൂടെയാണ്
ദൂതനാം ഗബ്രിയേൽ താണുവണങ്ങി
സ്ത്രീകളിലോ നീ അനുഗ്രഹിത
നിൻ ഉദരഫലവും അനുഗ്രഹീതം
ഏലീശ്വ അമ്മയും താണുവണങ്ങി (റാണി..)

ആത്മജ്ഞാന പൂരിത പാത്രമേ
ദിവ്യജ്ഞാനത്തിൻ സിംഹാസനമേ
വചനത്തിൻ പേടകമേ കൃപയുടെ സാഗരമേ
സ്വർഗ്ഗത്തിൻ വാതിലെ ഉഷ:കാല നക്ഷത്രമേ
നീതിതൻ ദർപ്പണമെ ദൈവത്തിൻ ജനനിയെ
നിർമ്മലയാം കന്യകയെ പരിശുദ്ധ മറിയമെ (റാണി..)

**51. റോസാ പൂവേ റോസാ പൂവേ**

സ്വർഗ്ഗീയ റോസാ പൂവേ (2)
ലബനോനിൽ വിരിയും ലില്ലി പൂവേ
ഗാഗുൽത്തായുടെ നൊമ്പരമേ (2)

റോസാ റോസാ റോസാ റോസാ
സ്വർഗ്ഗീയ റോസാ ആനന്ദ റോസാ (റോസാ പൂവേ)

കാർമ്മൽ മലയിൽ തൂവുന്നു മഞ്ഞേ
ഒലിവിൻ ശിഖിരം ഏന്തുന്ന പ്രവേ.(2)
നോഹതൻ പെട്ടകമേ

റോസാ റോസാ റോസാ റോസാ
സ്വർഗ്ഗീയ റോസാ ആനന്ദറോസാ (റോസാ പൂവേ)

ദാവിദിൻ തിരു ഗോപുരമേ
പൂവുകൾ നിറയും പൂന്തോട്ടമേ (2)
സാഗര താരകമേ (2)

റോസാ റോസാ റോസാ റോസാ
സ്വർഗ്ഗീയ റോസാ ആനന്ദ റോസാ (റോസാ പൂവേ)

ആബാ പിതാവേ ആബാ പിതാവേ
ആബാ പിതാവേ പിതാവേ.

* * * * *

*(കുറിപ്പ് : ഈ പുസ്തകത്തിൽ ചേർക്കുവാൻ അനുയോജ്യമായ മരിയൻ ഗീതങ്ങൾ നിങ്ങൾക്കറിയാമെങ്കിൽ അവ അയച്ചുതരിക).*
*E-mail ID: poluise@gmail.com, poluise@ymail.com*